# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1095

10.08.2017-ൽ മറുപടിക്ക്

## താനൂർ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ.ജി.സുധാകരൻ** **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) 25.2.2017 ന് നികുതി വകുപ്പിൽ നിന്നുണ്ടായ 140/2017-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താനൂരിൽ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ തുടർ നടപടികൾ ഒന്നും ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br><br>ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; | എ) യും ബി) യും | താനൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് സ.ഉ.(ആർ.റ്റി ) നം.140/17/നിവ തീയതി 25.02.2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 100 കോടി രൂപയ്ക്ക് മുകളിൽ ഉള്ള പ്രോപ്പോസലിന് മാത്രമേ കിഫ്ബി ഫണ്ട് അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ആയതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിലേക്കായി അതിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെ ലിസ്റ്റ് 10.07.2017 ന് പൊതുമരാമത്ത് വകുപ്പ് കെട്ടിടം ചീഫ് എഞ്ചിനീയർക്ക് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കൊടുത്തിട്ടുണ്ട്. ആയത് കൂടി ലഭ്യമാക്കി കിഫ്ബിക്ക് സമർപ്പിച്ചാൽ മാത്രമേ കെട്ടിട നിർമ്മാണത്തിനുള്ള അംഗീകാരം ലഭിക്കുകയുള്ളൂ. ടി പദ്ധതി നടപ്പിലാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഒന്നുമില്ല. |
| സി) മേൽ സൂചിപ്പിച്ച പദ്ധതി എപ്പോൾ തുടങ്ങി, എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>ഡി) തുടർ നടപടികൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ? | സി) യും ഡി) യും | കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം പണി തുടങ്ങി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) – 15 കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ)നം.140/2017/നി.വ. തീയതി, തിരുവനന്തപുരം, 25.02.2017

---

പരാമർശം- രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 30.12.2016 ലെ ഫിൻ-5-4207/10 നമ്പർ കത്ത്.

## ഉത്തരവ്

രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ (KIIFB) നിന്നും 2016-17 സാമ്പത്തിക വർഷം 25 കോടി രൂപ നീക്കി വച്ചിട്ടുള്ളതാണെന്നും ആയതു പ്രകാരം നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകിയിട്ടുള്ളത് എങ്കിലും കെട്ടിട നിർമ്മാണത്തിന് സ്ഥലം കണ്ടെത്തി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, ടി തുക, നിലവിൽ വകുപ്പിന്റെ അധീനതയിലുള്ളതും കാലപ്പഴക്കമേറിയതും വളരെ ശോചനീയാവസ്ഥയിലുള്ളതുമായ ഓഫീസ് കെട്ടിടങ്ങളെ കണ്ടെത്തി അവയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)ൽ നിന്നും ലഭ്യമായ തുക ഉപയോഗിച്ച് ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കും പ്രകാരം 15 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകണം എന്ന് പരാമർശം (2) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിക്കുകയുണ്ടായി.

| ക്രമ നമ്പർ | ഭരണാനുമതി ലഭിക്കേണ്ട ഓഫീസുകളുടെ വിവരം | ജില്ല | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | രജിസ്ട്രേഷൻ കോംപ്ലക്സ്, നേമം | തിരുവനന്തപുരം | 1980 |
| 2 | സബ് രജിസ്ട്രാർ ഓഫീസ്, മലയിൻകീഴ് | തിരുവനന്തപുരം | 128 |
| 3 | സബ് രജിസ്ട്രാർ ഓഫീസ്, കന്യാകുളങ്ങര | തിരുവനന്തപുരം | 91 |
| 4 | സബ് രജിസ്ട്രാർ ഓഫീസ്, മരാരിക്കുളം | ആലപ്പുഴ | 225 |
| 5 | രജിസ്ട്രേഷൻ കോംപ്ലക്സ്, കോട്ടയം | കോട്ടയം | 871.6 |
| 6 | സബ് രജിസ്ട്രാർ ഓഫീസ്, കടുത്തുരുത്തി | കോട്ടയം | 133.2 |
| 7 | സബ് രജിസ്ട്രാർ ഓഫീസ്, തൊടുപുഴ | ഇടുക്കി | 154 |
| 8 | സബ് രജിസ്ട്രാർ ഓഫീസ്, മുണ്ടൂർ | തൃശ്ശൂർ | 134 |
| 9 | സബ് രജിസ്ട്രാർ ഓഫീസ്, ഒറ്റപ്പാലം | പാലക്കാട് | 121.5 |
| 10 | സബ് രജിസ്ട്രാർ ഓഫീസ്, ചെർപ്പുളശ്ശേരി | പാലക്കാട് | 121.5 |

| | | | |
|---|---|---|---|
| 11 | സബ് രജിസ്ട്രാർ ഓഫീസ്, കുറ്റിപ്പുറം | മലപ്പുറം | 138 |
| 12 | സബ് രജിസ്ട്രാർ ഓഫീസ്, കൽപ്പകംചേരി | മലപ്പുറം | 89 |
| 13 | സബ് രജിസ്ട്രാർ ഓഫീസ്, താനൂർ | മലപ്പുറം | 100.2 |
| 14 | രജിസ്ട്രേഷൻ കോംപ്ലക്സ്, കോഴിക്കോട് | കോഴിക്കോട് | 500 |
| 15 | സബ് രജിസ്ട്രാർ ഓഫീസ്, വെസ്റ്റ്ഹിൽ | കോഴിക്കോട് | 188 |
| | | **ആകെ** | **4975** |

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ മേൽ വിവരിച്ച പ്രകാരം 15 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**എസ്. മാലതി**
അഡീഷണൽ സെക്രട്ടറി.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധന വകുപ്പ് (ഇൻഫ്രാ5/1/17-ധന, തീയതി 15.02.2017 പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,
സെക്ഷൻ ഓഫീസർ.

പകർപ്പ്: ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Section Officer